ഒരു നിർദ്ദേശമുണ്ട്. പക്ഷേ അതുള്ളപ്പോൾ തന്നെ കേരളത്തിന്റെ പല ഭാഗത്തു നിന്നും വ്യത്യസ്ത വീക്ഷണങ്ങളും നിർദ്ദേശങ്ങളും വരുന്നുമുണ്ട്. അങ്ങനെയൊരു വേട്ടയ്ക്ക് അനുമതി കൊടുക്കുന്നതിലെ തെറ്റിനെപ്പറ്റിയും ശരിയെപ്പറ്റിയുമെല്ലാം കേരളത്തിൽ സംവാദം നടക്കുന്നുണ്ട്. ഗവൺമെന്റിന് വലിയ വാശിയൊന്നുമില്ല. ഇവയെല്ലാം പരിഗണിച്ചുകൊണ്ട് ഗവൺമെന്റ് ഈ മാസം 1-ാം തീയതി ഒരു കമ്മിറ്റിയെ നിയോഗിച്ചു കഴിഞ്ഞിട്ടുണ്ട്. വനം വകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായിട്ടുള്ള കമ്മിറ്റിയോട് രണ്ടു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. കർഷക കോൺഗ്രസ്സിന്റെയും കർഷക യൂണിയന്റെയും കർഷക സംഘത്തിന്റെയും കിസാൻ സഭയുടെയും പ്രതിനിധികൾ അടങ്ങുന്നതാണ് ആ കമ്മിറ്റി.

ശ്രീ. കെ. സി. ജോസഫ്: ഇങ്ങനെയൊരു കമ്മിറ്റിയെ വച്ച കാര്യം വന്യമൃഗങ്ങളെയൊന്ന് അറിയിക്കാമോ ?

ശ്രീ. ബിനോയ് വിശ്വം: അതിനെ ആ രീതിയിലല്ല കാണേണ്ടത്. കേരളത്തിൽ ഞാൻ മന്ത്രിയായതുകൊണ്ടല്ല ഇത്തരം വിഷയങ്ങൾ ഉണ്ടാകുന്നത്. ശ്രീ. കെ. സി. മന്ത്രിയായാലും ഇവിടെ ഈ വിഷയങ്ങളൊക്കെയുണ്ടാകും. അതുകൊണ്ട് കമ്മിറ്റിയെ വച്ചത് വന്യമൃഗങ്ങളെ അറിയിക്കുമോ എന്ന് ചോദിച്ചാൽ നിങ്ങൾ അറിയിക്കുമോ വന്യമൃഗത്തിനെ? എനിക്ക് വന്യമൃഗത്തിനെ അറിയിക്കാൻ മാർഗ്ഗമൊന്നുമില്ല. അത് വെറും രാഷ്ട്രീയ ചോദ്യമാണ്. കേരളത്തിൽ ആദ്യമായിട്ടാണ് ഇത്തരത്തിലുള്ള ഒരു കമ്മിറ്റിയുണ്ടാകുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇതൊരു പൊതു വിഷയമാണ്.

ശ്രീ. ബിനോയ് വിശ്വം: ഈ വിഷയത്തെപ്പറ്റി പഠിക്കാൻ, അഡ്വൈസ് ചെയ്യാൻ ഒരു കമ്മിറ്റി ആദ്യമായിട്ട് ഉണ്ടാകുകയാണ് കേരളത്തിൽ. അതിനെ ആ രൂപത്തിൽ കാണുന്നതിനുപകരം കമ്മിറ്റിയുടെ കാര്യം ആനയെ അറിയിക്കുമോ കാട്ടുപന്നിയെ അറിയിക്കുമോ എന്ന് ചോദിച്ചാൽ എനിക്കൊന്നും പറയാനില്ല. എനിക്ക് അറിയിക്കാൻ പറ്റില്ലായെന്നേ എനിക്ക് പറയാൻ പറ്റുകയുള്ളൂ.

(9) മുദി ശാസ്താംകോട് ദേവീക്ഷേത്രം പാലത്തിന്റെ നിർമ്മാണം

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ മുദിശാസ്താംകോട് പാലം കാലപ്പഴക്കം കൊണ്ട് ജീർണ്ണിച്ച് പൊട്ടിപ്പൊളിഞ്ഞ് നിരവധി അപകടങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. സ്കൂൾ കുട്ടികൾ ഉൾപ്പെടെ നൂറ് കണക്കിന് കുട്ടികൾ കടന്നുപോകുന്നതും മുദിശാസ്താംകോട് ക്ഷേത്രം, മാടനട ക്ഷേത്രം, സി.എസ്.ഐ. ചർച്ച് എന്നിവിടങ്ങളിൽ എത്തിച്ചേരാൻ കഴിയുന്നതും ഏതാണ്ട് അയ്യായിരത്തോളം കുടുംബങ്ങളിലുള്ള ആളുകൾ കടന്നുപോകുന്നതുമായ ഒരു പാലമാണിത്. ഈ പാലത്തിന്റെ അപകടസ്ഥിതി മനസ്സിലാക്കിയാണ് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടേയും ധനകാര്യ വകുപ്പുമന്ത്രിയുടേയും ശ്രദ്ധയിൽപ്പെടുത്തിയതിന്റെ ഫലമായി 6-4-2012-ൽ പാലം നിർമ്മാണത്തിന് ഭരണാനുമതി നൽകുകയുണ്ടായി. പ്രസ്തുത പാലം നിർമ്മാണത്തിനുവേണ്ടി രണ്ട് തവണ ടെൻഡർ ചെയ്തു. പ്രവർത്തി ആരും എടുത്തില്ല. മൂന്നാമത് ക്വട്ടേഷൻ വിളിച്ചിട്ടും പ്രവർത്തി

LIBRARY ARCHIVES Kerala Legislative Assembly

ആരും എടുക്കാത്ത സാഹചര്യമാണ്. ഇപ്പോൾ കരാറുകാരെല്ലാം അധിക തുക ആവശ്യപ്പെട്ട് ഫയൽ ഗവൺമെന്റിന്റെ മുന്നിൽ വന്നിരിക്കുകയാണ്. പാലത്തിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുമെന്ന് കാണിച്ച് ജനപ്രതിനിധികളുടേയും മന്ത്രിമാരുടേയുമൊക്കെ ഫോട്ടോ ഉൾപ്പെടെവച്ച് പോസ്റ്ററും പ്രചരണ പ്രവർത്തനവുമൊക്കെ നടത്തിയ സ്ഥലമാണ്. പക്ഷേ പാലത്തിന്റെ നിർമ്മാണം ആരംഭിക്കാൻ കഴിയാതിരിക്കുന്നത് ഞാൻ ഉൾപ്പെടെയുള്ള ജനപ്രതിനിധികളും അതുപോലെ ഗവൺമെന്റും അപമാനിതമാകുന്ന സ്ഥിതി വിശേഷമാണ് ഇപ്പോൾ നിലവിലുള്ളത്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ വളരെ ഗൗരവമായി ഇടപെട്ടുകൊണ്ട് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയുടെ സഹായത്തോടുകൂടി ഈ പാലത്തിന്റെ നിർമ്മാണ പ്രവർത്തനം എത്രയും വേഗം ആരംഭിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): സർ, കിള്ളിയാറിനു കുറുകെ നിർദ്ദിഷ്ട പാലം പണിയുന്നതിന് ആവശ്യമായിട്ടുള്ള 72 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. ആ ഭരണാനുമതിയുടെയും തുടർന്നുള്ള സാങ്കേതികാനുമതിയുടേയും അടിസ്ഥാനത്തിൽ രണ്ട് പ്രാവശ്യം ടെൻഡർ വിളിച്ചു. ടെൻഡർ വിളിച്ചപ്പോഴൊക്കെ ടെൻഡർ എക്സസ് ഗണ്യമായ നിലയിൽ വന്ന പശ്ചാത്തലത്തിൽ നെഗോഷ്യേറ്റ് ചെയ്ത് ആരും വർക്ക് ചെയ്യാൻ തയ്യാറാകാത്ത സാഹചര്യത്തിലാണ് കാൻസൽ വിളിക്കാൻ തീരുമാനിച്ചത്. കാൻസൽ വിളിച്ചപ്പോഴും 41 ശതമാനം എക്സസാണ് ഉണ്ടായത്. അതുകൊണ്ട് വീണ്ടും കാൻസൽ വിളിച്ച് 2010 എസ്.ഒ.ആർ. നിരക്കിൽ ചെയ്യാൻ കഴിയുമെന്നുണ്ടെങ്കിൽ അത് കൊടുക്കുന്നതിനെ സംബന്ധിച്ചാണ് ആലോചിക്കുന്നത്. 2010 എസ്.ഒ.ആർ.-ന് മുകളിലുള്ള പ്രവൃത്തികൾക്കൊന്നും അനുമതി നൽകേണ്ട എന്ന ശക്തമായ നിലപാടാണ് ഇപ്പോൾ ധനകാര്യ വകുപ്പും ഗവൺമെന്റും ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്. അത് സംസ്ഥാനത്തെ കുടിവെള്ള പദ്ധതികളുൾപ്പെടെ ജലസേചനപദ്ധതികളുൾപ്പെടെ നിർമ്മാണ പ്രവർത്തനങ്ങളെയൊക്കെ പൊതുവായി ബാധിക്കുന്നുണ്ട്. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി എം.എൽ.എ.യുടെ നിയോജകമണ്ഡലത്തിലുള്ള കണ്ണൂർ കുടിവെള്ള പദ്ധതിയടക്കം ഇതിന്റെ പരിധിയിൽ വരുന്നതാണ്. അത്തരം കാര്യങ്ങളിൽ ഇപ്പോൾ എടുത്തിട്ടുള്ള തീരുമാനം 2010 എസ്.ഒ.ആർ.-ന് മുകളിലുള്ള ടെൻഡർ എക്സസ് വന്നിട്ടുള്ള കേസ്സുകളൊക്കെ ടെൻഡർ കാൻസൽ ചെയ്യാതെ ഗവൺമെന്റിലേയ്ക്ക് റഫർ ചെയ്ത് ഗവൺമെന്റ് ആ കാര്യം സിടിഇയുടെ പരിശോധനയ്ക്കും പരിഗണനയ്ക്കും വിധേയമായി അപ്രൂവൽ കിട്ടുന്ന മുറയ്ക്ക് ധനകാര്യ വകുപ്പ് അംഗീകാരം നൽകാം എന്നുള്ള ഒരു പൊതു നിലപാടാണ് അക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ: കാലതാമസം കുറയ്ക്കാൻ എന്താണ് മാർഗ്ഗം?

ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ: കാലതാമസം കുറയ്ക്കാൻ ഇപ്പോൾ ടെന്റർ എക്സസ് അല്ലെങ്കിൽ ഇക്കാര്യത്തിൽ ഒരു റിലാക്സേഷൻ ധനകാര്യ വകുപ്പിന്റെ ഭാഗത്ത് നിന്ന് ഉണ്ടാകണം. പക്ഷേ സി.ടി.ഇ.-യുടെ അപ്രൂവൽ എത്രയും പെട്ടെന്ന് ലഭ്യമാക്കിക്കഴിഞ്ഞാൽ അതിനൊക്കെത്തന്നെ അംഗീകാരം കൊടുത്തുകൊണ്ട് പണി ആരംഭിക്കാൻ കഴിയുന്നതാണ്. ശ്രീ. മാങ്കോട് രാധാകൃഷ്ണൻ ഉന്നയിച്ച ഈ പ്രശ്നവും അതിന്റെ പരിധിയിൽ വരുന്ന വിഷയമാണ്.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്..... പ്ലീസ്..... ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കേട്ടോയെന്ന് അറിയില്ല. ഇത് സി.ടി.ഇ.-യുമായി ബന്ധപ്പെട്ട ഒരു വിഷയമാണ്.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സർ, 2010-ലെ റേറ്റിൽ റോഡിന് എന്ത് സമ്മർദ്ദമുണ്ടെങ്കിലും ടെൻഡർ എക്സസ് കൊടുക്കുകയില്ല. .....(ബഹളം)..... പാലമാണെങ്കിൽ അത് സി.ടി.ഇ. പരിശോധിച്ച് അംഗീകരിച്ചിട്ടല്ലാതെ കൊടുക്കുന്നതല്ല. റോഡ്, പാലം, കെട്ടിടം എത്ര വേണമെങ്കിലും അനുമതി കൊടുക്കുന്നുണ്ട്. പക്ഷേ ഇത്രയധികം കൊടുക്കുന്നു എന്നുള്ളതുകൊണ്ട് ചില കോൺട്രാക്ടർമാരെല്ലാം ചേർന്ന് ടെന്റർ എക്സസ് എഴുതി loot ചെയ്യുക എന്നുപറയുന്നതിനെ ഒരു കാരണവശാലും കൂട്ടുനിൽക്കുകയില്ല. എക്സസ് കൊടുക്കണമെന്നുണ്ടെങ്കിൽ സി.ടി.ഇ. പരിശോധിച്ച് അംഗീകാരം നൽകേണ്ടതുണ്ട്. ആ താമസമുണ്ടാകും.

(10) മൈലം പാലത്തിന്റെ പുനർനിർമ്മാണം

ശ്രീമതി പി. അയിഷാ പോറ്റി: സർ, വളരെയേറെ അടിയന്തര പ്രാധാന്യം നൽകേണ്ട ഒരു സബ്മിഷനാണ് ഞാൻ ഇവിടെ ഉന്നയിക്കുന്നത്. കൊട്ടാരക്കര മണ്ഡലത്തിലെ എം.സി. റോഡിൽനിന്നും പട്ടാഴി റൂട്ടിലേക്ക് പോകുന്ന മൈലം പാലം അതീവ അപകടാവസ്ഥയിലാണ്. ഇക്കഴിഞ്ഞ മഴക്കാലത്ത് ബസ്സിൽനിന്ന് ആളുകളെ ഇറക്കിയിട്ട് ബസ്സ് അപ്പുറത്തേയ്ക്ക് കൊണ്ടുപോകുന്ന സ്ഥിതിയുണ്ടായി. ആ കാര്യങ്ങളെല്ലാം കാണിച്ചുകൊണ്ട് ഗവൺമെന്റിലേക്ക് ഇതിന്റെ പ്രൊപ്പോസലെല്ലാം കൊടുക്കുകയും പൊതുമരാമത്തുവകുപ്പ് കൊട്ടാരക്കര സബ്-ഡിവിഷനിലേയ്ക്ക് അനുവദിച്ചിട്ടുള്ള ഫ്ളഡ് ഡാമേജസ് ഫണ്ടിൽ ഉൾപ്പെടുത്തിക്കൊണ്ട് ഇതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി എല്ലാ സ്ഥലങ്ങളിലും follow ചെയ്ത് അവസാനം പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസിൽ ചെന്നപ്പോൾ What is the urgency? എന്നെഴുതി ആ ഫയൽ മടക്കിയിട്ടുള്ളതായി മനസ്സിലാക്കുന്നു. ഇത്രയധികം ഗൗരവമുള്ള വിഷയം സംബന്ധിച്ച് തെളിവ് സഹിതം കാണിച്ചിട്ടും അത് അനുവദിച്ച് തരാതിരിക്കുന്നതുകൊണ്ട് വളരെയേറെ ബുദ്ധിമുട്ട് ഏത് സമയത്തും ഉണ്ടാകാൻ സാധ്യതയുണ്ട്. ഈ പൈസ മാർച്ച് മാസമായാൽ ലാപ്സായിപ്പോകും. അതുകൊണ്ട് ഇക്കാര്യം വളരെ ഗൗരവമായെടുത്തുകൊണ്ട് ഈ പാലം പുനർനിർമ്മിക്കുന്നതിന് ആവശ്യമായിട്ടുള്ള നടപടി സ്വീകരിക്കണമെന്നുള്ളതാണ് എനിക്ക് ഈ സബ്മിഷനിലൂടെ പറയാനുള്ളത്.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): സർ, മൈലം-പട്ടാഴി റോഡിൽ പുലമൺ തോടിനുകുറുകെയുള്ള മൈലം പാലം ഏകദേശം 60 വർഷങ്ങൾക്കു മുമ്പ് നിർമ്മിച്ചതാണ്. കഴിഞ്ഞ നവംബർ മാസത്തിലുണ്ടായ കനത്ത മഴയിൽ പുലമൺതോട്ടിലെ ജലനിരപ്പ് ഉയരുകയും പാലത്തിന് ഗുരുതരമായ കേടുപാടുകൾ സംഭവിക്കുകയുമുണ്ടായി. ഇതേത്തുടർന്ന് പാലത്തിൽകൂടിയുള്ള ഭാരവാഹനങ്ങളുടെ ഗതാഗതം നിരോധിക്കാൻ തീരുമാനിച്ചു. പാലത്തിന്റെ പുനർനിർമ്മാണം

LIBRARY ARCHIVES Kerala Legislative Assembly